# പതിനഞ്ചാം കേരള നിയമസഭ

# പതിനാറാം സമ്മേളനം

2026 ഫെബ്രുവരി 24, ചൊവ്വ

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി**

**വനം-വന്യജീവി വകുപ്പ് മന്ത്രി**

**ജലവിഭവ വകുപ്പ് മന്ത്രി**

**മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി**

**<u>പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ കുടുംബങ്ങൾക്ക് സർക്കാർ നൽകുന്ന സഹായങ്ങൾ</u>**

*211 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ യുവജനങ്ങളുടെ മാനസികാരോഗ്യ സംരക്ഷണത്തിന് സർക്കാർ ആരംഭിച്ച കൗൺസിലിംഗ്, പരിശീലന പരിപാടികൾ എന്നിവയുടെ കാര്യക്ഷമത എത്രത്തോളമാണെന്നും എത്ര പേർക്ക് സഹായം ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ കുട്ടികൾക്കായുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ പ്രവർത്തനരീതിയും ഇത് കുട്ടികളുടെ മാനസിക, ആരോഗ്യ സൂചികകളിൽ വരുത്തിയ മാറ്റങ്ങളും വിശദമാക്കാമോ;

(സി) പാവപ്പെട്ട പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ കുടുംബങ്ങൾക്ക് സർക്കാർ നൽകുന്ന സൗജന്യ മെഡിക്കൽ സഹായ പദ്ധതികൾ എന്തൊക്കെയാണെന്നും എത്ര പേർക്ക് സഹായം ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

**<u>കുടിവെള്ളം എത്തിക്കാൻ കർമ്മ പദ്ധതി</u>**

*212 **ശ്രീ. റോജി എം. ജോൺ**
**ശ്രീ. പി. സി. വിഷ്ണുനാഥ്**

**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ വീടുകളിലും എല്ലാ ദിവസവും മുടക്കമില്ലാതെ കുടിവെള്ളം ലഭ്യമാക്കുന്നതിനായി സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പട്ടികജാതി പട്ടികവർഗ്ഗം, മത്സ്യത്തൊഴിലാളി എന്നീ വിഭാഗങ്ങൾ താമസിക്കുന്ന സ്ഥലങ്ങളിലടക്കം മുടക്കമില്ലാതെ കുടിവെള്ളം ലഭിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) അധസ്ഥിത വിഭാഗങ്ങൾ താമസിക്കുന്ന ഇടങ്ങളിൽ മുൻഗണനാ ക്രമത്തിൽ കുടിവെള്ളം എത്തിക്കാൻ കർമ്മ പദ്ധതികൾ രൂപീകരിക്കുമോ; വിശദമാക്കാമോ?

## ഉൾനാടൻ മത്സ്യകൃഷി

*213 **ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) ഗുണമേന്മയുള്ള മത്സ്യവിത്തിന്റെ ലഭ്യത ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) മത്സ്യവിത്തുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## ജൽജീവൻ മിഷൻ പദ്ധതി

*214 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പഞ്ചായത്ത് അടിസ്ഥാനത്തിൽ ശുദ്ധജല സ്രോതസ്സുകൾ കണ്ടെത്താൻ സാധിക്കാത്തതാണ് പദ്ധതിയുടെ നിർവഹണം തടസ്സപ്പെടാൻ ഇടയാക്കുന്നത് എന്ന ആക്ഷേപത്തിന്റെ നിജസ്ഥിതി വ്യക്തമാക്കാമോ;

(ബി) ജൽജീവൻ മിഷൻ പദ്ധതിയിലെ കരാറുകാരുടെ കുടിശ്ശിക നൽകുന്നതിന് സർക്കാർ എന്തെങ്കിലും ബദൽ മാർഗങ്ങൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) സംസ്ഥാനത്ത് മുടങ്ങിക്കിടക്കുന്ന കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിച്ചുകൊണ്ട് ജൽജീവൻ മിഷൻ പദ്ധതിയുടെ സമയബന്ധിതമായ നടത്തിപ്പിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## ഗാർഹിക ജല ദൗർലഭ്യസമ്മർദ്ദം

*215 **ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീമതി സി. കെ. ആശ**
**ശ്രീ. പി. ബാലചന്ദ്രൻ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ നേതൃത്വത്തിൽ വിവിധ ശാസ്ത്ര സ്ഥാപനങ്ങൾ ചേർന്ന് കേരളത്തിലെ ജലവിഭവ ലഭ്യത സംബന്ധിച്ച് നടത്തിയ പഠനത്തിന്റെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ 12% വാർഡുകൾ ഗാർഹിക ജലദൗർലഭ്യസമ്മർദ്ദ ഹോട്ട്സ്പോട്ട് പട്ടികയിലാണെന്ന കണ്ടെത്തൽ വിശകലന വിധേയമാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) ആഗോളതാപനം സൃഷ്ടിക്കുന്ന കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായി ഭൂപ്രദേശങ്ങളിലെ ജലലഭ്യതയുടെയും ജലസംരക്ഷണത്തിന്റെയും കാര്യത്തിൽ വലിയതോതിലുള്ള കുറവ് വന്നിട്ടുണ്ടോ; വിശദീകരിക്കുമോ;

(ഡി) ഭാവികാല ജലദൗർലഭ്യ പ്രശ്നങ്ങൾ പരിഗണിച്ച് കുടിവെള്ളത്തിനായി കടൽ ജലത്തിന്റെ സംസ്കരണം ഉൾപ്പെടെയുള്ള സാധ്യതകൾ പരിഗണനയിലുണ്ടോ; വിശദീകരിക്കുമോ?

## പുനർഗേഹം പദ്ധതി

*216 **ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ എം രാജഗോപാലൻ**
**ഡോ. സുജിത് വിജയൻപിള്ള**
**ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനർഗേഹം പദ്ധതിക്കായുള്ള സർവ്വെ ലിസ്റ്റ് പരിഷ്കരിക്കുന്നതിന് ഒരു സർവ്വേ കൂടി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) വ്യക്തിഗത ഭവനങ്ങൾക്ക് സ്ഥലം കണ്ടെത്തുന്നതിൽ എറണാകുളം, കോഴിക്കോട് ജില്ലകളിൽ വളരെയധികം ബുദ്ധിമുട്ട് അനുഭവപ്പെടുന്നതിനാൽ ഫലപ്രദമായി പദ്ധതി നടപ്പിലാക്കുന്നതിനായി ബദൽ മാർഗ്ഗങ്ങൾ സർക്കാർ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) പുനർഗേഹം പദ്ധതിയുടെ വ്യക്തിഗത ആനുകൂല്യം വർദ്ധിപ്പിക്കുവാൻ ആലോചിക്കുന്നുണ്ടോ;

(ഡി) കടൽക്ഷോഭം മൂലവും കാലാവസ്ഥാ വ്യതിയാനം കാരണവും 50 മീറ്റർ വേലിയേറ്റ പരിധിയിൽ എത്തപ്പെട്ട നിരവധി കുടുംബങ്ങൾ പല ജില്ലകളിലായി ഇനിയും പുനർഗേഹം അർഹതാ ലിസ്റ്റിൽപ്പെടാതെ നിൽക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

## ഗോത്രവിഭാഗത്തിൽപ്പെട്ടവരുടെ പോഷകാഹാരക്കുറവ് പരിഹരിക്കാൻ നടപടി

*217 **ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. പി. കെ. ബഷീർ**
**ഡോ. എം. കെ. മുനീർ**
**ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗോത്രവിഭാഗത്തിൽപ്പെട്ടവരുടെ ഇടയിൽ പോഷകാഹാരക്കുറവ് മൂലം ആരോഗ്യപ്രശ്നങ്ങൾ നേരിടുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ടവരുടെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി പ്രത്യേക കേന്ദ്രങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പ്രസ്തുത കേന്ദ്രങ്ങളിൽ നിന്നും എന്തെല്ലാം സേവനങ്ങൾ ആണ് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## ജലസംരക്ഷണ സാങ്കേതിക വിദ്യകൾ

*218 **ശ്രീ. ഐ. ബി. സതീഷ്**
**ശ്രീമതി യു പ്രതിഭ**
**ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതൊക്കെ ജില്ലകളിൽ ജലസംരക്ഷണ സാങ്കേതിക വിദ്യകൾ നടപ്പിലാക്കിയിട്ടുണ്ട്; വിശദമാക്കാമോ;

(ബി) വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ജലസേചനം, ജലസംരക്ഷണം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയുള്ള നൂതന പദ്ധതികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(സി) നൂതന ജലശേഖരണ സംവിധാനങ്ങൾ സംസ്ഥാനത്ത് എത്ര സ്കൂളുകളിലും പഞ്ചായത്തുകളിലും നടപ്പിലാക്കിയിട്ടുണ്ട്; വിശദമാക്കാമോ?

## കടൽ മത്സ്യസമ്പത്തിന്റെ സംരക്ഷണം

*219 **ശ്രീ. ഇ കെ വിജയൻ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ പി എസ് സുപാൽ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളതീരത്തെ മത്സ്യസമ്പത്തിൽ മുൻകാലങ്ങളെ അപേക്ഷിച്ച് ശോഷണം സംഭവിക്കുന്നുവെന്ന് കേന്ദ്രസർക്കാർ സ്ഥാപനമായ സി.എം.എഫ്.ആർ.ഐ. യുടെ പഠന റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) കടൽ മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനും പരിപാലനത്തിനും ഉതകുന്ന തരത്തിൽ കെ.എം.എഫ്.ആർ. ആക്ട് കാലോചിതമായി പരിഷ്കരിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന പ്രതിഭാസങ്ങളുടെ ഫലമായി മത്സ്യലഭ്യതയിലുണ്ടാകുന്ന കുറവ് പരിഹരിയ്ക്കാൻ എന്തെല്ലാം മാർഗ്ഗങ്ങളാണ് വകുപ്പ് മുഖേന നടപ്പാക്കാനുദ്ദേശിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറച്ചുകൊണ്ട് മത്സ്യലഭ്യതയിൽ സുസ്ഥിരത ഉറപ്പാക്കുന്നതിന് വകുപ്പ് മുഖേന നടപ്പാക്കാനുദ്ദേശിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

## <u>മത്സ്യത്തൊഴിലാളി ക്ഷേമ പദ്ധതികൾ</u>

*220 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. എൻ. കെ. അക്ബർ**
**ശ്രീമതി ദെലീമ**
**ശ്രീ എം നൗഷാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെ കാലയളവിൽ ഫിഷറീസ് വകുപ്പ് നടപ്പിലാക്കിയ വിവിധ പദ്ധതികൾ മത്സ്യത്തൊഴിലാളികളുടെ വരുമാനത്തിലും ജീവിതനിലവാരത്തിലും ഉണ്ടാക്കിയ പുരോഗതി എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക സുരക്ഷ ഉറപ്പ് വരുത്തുന്നതിന് 2021 മുതൽ നാളിതുവരെ നടപ്പിലാക്കിയ ക്ഷേമ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; ഈ പദ്ധതികൾ വഴി എത്ര മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) മത്സ്യബന്ധന മേഖലയിലെ വനിതകളെയും യുവജനങ്ങളെയും സംരംഭകരാക്കുന്നതിനായി സർക്കാർ നൽകുന്ന സാമ്പത്തിക-സാങ്കേതിക സഹായങ്ങൾ എന്തെല്ലാമാണ്; ഇതിന്റെ ഫലമായി എത്ര പുതിയ സംരംഭങ്ങൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്; വിശദമാക്കാമോ?

## <u>കോസ്റ്റൽ മേഖലയിലെ സുസ്ഥിര വികസനം</u>

*221 **ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീമതി യു പ്രതിഭ**
**ശ്രീ. കെ. ജെ. മാക്സി**
**<u>ഡോ. സുജിത് വിജയൻപിള്ള</u>** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോസ്റ്റൽ മേഖലയിൽ സുസ്ഥിര വികസനം ഉറപ്പാക്കുന്നതിനും പ്രകൃതി ദുരന്തങ്ങളാൽ സംഭവിക്കുന്ന നഷ്ടങ്ങൾ കുറയ്ക്കുന്നതിനും തീരദേശ വികസന കോർപ്പറേഷൻ സ്വീകരിച്ച പ്രധാന നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(ബി) തീരദേശ വികസന കോർപ്പറേഷന്റെ പദ്ധതികൾ വഴി കോസ്റ്റൽ ടൂറിസം, ലൈവ്‌ലിഹുഡ് എൻഹാൻസ്മെന്റ്, ലോക്കൽ എന്റർപ്രണർഷിപ്പ് എന്നിവയിൽ

എത്രത്തോളം പുരോഗതി ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഈ പദ്ധതികൾ നടപ്പിലാക്കിയത് വഴി ലഭിച്ച സാമ്പത്തിക നേട്ടവും തൊഴിൽ വർദ്ധനവും എത്രത്തോളമുണ്ടെന്ന് വിശദമാക്കാമോ?

**<u>ചെമ്മീൻ പീലിങ് തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധികൾ</u>**

*222 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീ. സി. ആർ. മഹേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെമ്മീൻ പീലിങ് തൊഴിലാളികൾ കടുത്ത പ്രതിസന്ധി നേരിടുന്നത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ചെമ്മീൻ പീലിങ് തൊഴിലാളികളുടെ ക്ഷേമത്തിനായി നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ;

(സി) പീലിങ് തൊഴിലാളികൾക്ക് കൂലി വർദ്ധിപ്പിക്കുക, പി.എഫ്., ഇ.എസ്.ഐ. ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുക എന്നീ ആവശ്യങ്ങൾ നടപ്പാക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ?

**<u>ഉൾനാടൻ മത്സ്യകൃഷിയുടെ വികസനം</u>**

*223 **ശ്രീ. എ. പ്രഭാകരൻ**
**ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. ആന്റണി ജോൺ**
**ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യകൃഷിയുടെ വികസനത്തിന് ഗുണമേന്മയുള്ള മത്സ്യവിത്തിന്റെ ലഭ്യത ഉറപ്പാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ എത്ര മത്സ്യവിത്ത് കേന്ദ്രങ്ങൾക്ക് രജിസ്ട്രേഷനും ലൈസൻസും നൽകിയിട്ടുണ്ട്; വിശദമാക്കുമോ;

(സി) മത്സ്യവിത്ത് പരിശോധനയിലൂടെ മത്സ്യ രോഗകാരികളായ വൈറസുകൾ ഉണ്ടെന്ന് സംസ്ഥാന മത്സ്യവിത്തുൽപ്പാദന കേന്ദ്രം കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) മത്സ്യരോഗ വ്യാപനം തടയുന്നതിന് സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

**<u>ആദിവാസി മേഖലകളിലെ അരിവാൾ രോഗം തടയുന്നതിന് നടപടി</u>**

*224 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. അൻവർ സാദത്ത്**

**ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദിവാസി മേഖലകളിൽ അരിവാൾ രോഗം പിടിപെടുന്നത് ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) അരിവാൾ രോഗം ബാധിച്ച് മലപ്പുറത്ത് ആദിവാസി ബാലൻ മരിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് ആദിവാസി മേഖലകളിൽ അരിവാൾ രോഗം തടയുന്നതിന് ആരോഗ്യ വകുപ്പുമായി ചേർന്ന് നടത്തുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

## കലാ സാംസ്കാരിക മുന്നേറ്റത്തിൽ നിർമ്മിത ബുദ്ധിയുടെ സ്വാധീനം

*225 **ശ്രീ. പി. ബാലചന്ദ്രൻ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീമതി സി. കെ. ആശ**
**ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കലാ സാംസ്കാരിക സാഹിത്യ രംഗങ്ങളിൽ വിവരസാങ്കേതികവിദ്യയും നിർമ്മിത ബുദ്ധിയും വലിയ രീതിയിൽ സ്വാധീനം ചെലുത്തുന്ന സാഹചര്യം വിശകലന വിധേയമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) നിർമ്മിത ബുദ്ധിയുടെ പ്രഭാവം പുത്തൻ തലമുറയുടെ സർഗാത്മകശേഷിയെയും ചിന്താശേഷിയെയും തളർത്തുന്നുവെന്ന രീതിയിലുള്ള നിരീക്ഷണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) നിർമ്മിത ബുദ്ധിയുടെയും വിവരസാങ്കേതികവിദ്യയുടെയും സഹായത്തോടെ പുത്തൻ തലമുറയുടെ സർഗ്ഗശേഷി മെച്ചപ്പെടുത്താൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) കേരളത്തിന്റെ സാംസ്കാരിക പൈതൃകവും കലകളും പുത്തൻ തലമുറകളിലേക്കും വിജ്ഞാനകുതുകികളിലേക്കും എത്തിക്കുവാൻ സോഷ്യൽ മീഡിയ കാര്യക്ഷമമായി ഉപയോഗപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

## മനുഷ്യ-വന്യജീവി സംഘർഷം രൂക്ഷമായ സ്ഥലങ്ങൾ

*226 **ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മനുഷ്യ-വന്യജീവി സംഘർഷം രൂക്ഷമായതും കൂടുതൽ സാധ്യതയുള്ളതുമായ സ്ഥലങ്ങൾ വനം വകുപ്പ് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനായി എന്തെങ്കിലും കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുള്ള സൗരോർജ്ജ വേലികൾ പ്രവർത്തനക്ഷമമാണെന്ന് ഉറപ്പു വരുത്തിയിട്ടുണ്ടോ;

(ഡി) വനാന്തര പ്രദേശങ്ങളിൽ വന്യമൃഗങ്ങൾക്ക് ആവശ്യമായ ജലവും തീറ്റയും ഉറപ്പാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

## <u>ആറ്റുതീര സംരക്ഷണം</u>

*227 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ മാത്യു ടി. തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആറ്റുതീര സംരക്ഷണത്തിനായി കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) തോടുകളുടെയും ആറുകളുടെയും തീരസംരക്ഷണം ഉറപ്പു വരുത്തി നീരൊഴുക്ക് സുഗമമാക്കുന്നതിന് എന്തൊക്കെ പുതിയ പദ്ധതികൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ?

## <u>മത്സ്യത്തൊഴിലാളി വീടുകളിലെ അടിസ്ഥാന സൗകര്യ വികസനം</u>

*228 **ശ്രീമതി കെ. കെ. രമ**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീമതി ഉമ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപ്പ് കലർന്ന കാറ്റ് കാരണം മത്സ്യത്തൊഴിലാളികളുടെ വീടുകൾക്ക് കേടുപാടുകൾ സംഭവിച്ച് അവ അപകടാവസ്ഥയിലാകുന്നതായ ഗുരുതര സാഹചര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സാഹചര്യം കണക്കിലെടുത്ത് മത്സ്യത്തൊഴിലാളികളുടെ വീടുകളുടെ അറ്റകുറ്റ പ്രവൃത്തികൾ നടത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) മത്സ്യത്തൊഴിലാളി മേഖലകളിൽ കൂടുതൽ പൊതു ശൗചാലയങ്ങൾ പണിത് നൽകുന്നതിനും മത്സ്യബന്ധനവും അനുബന്ധ പ്രവൃത്തികളും തൊഴിലാളി സൗഹൃദമാക്കുന്ന രീതിയിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും പദ്ധതി ആവിഷ്കരിക്കുമോ; വ്യക്തമാക്കാമോ?

## <u>തീരക്കടലിലെ മത്സ്യലഭ്യത</u>

*229 **ശ്രീ. നജീബ് കാന്തപുരം**

**ശ്രീ. കുറുക്കോളി മൊയ്തീൻ**

**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**

**ശ്രീ. പി. ഉബൈദുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരക്കടലിലേക്ക് അമിതമായ രീതിയിൽ രാസമാലിന്യങ്ങൾ ഒഴുകിയിറങ്ങുന്നതും മറ്റ് നിർമ്മാണ പ്രവർത്തനങ്ങളും തീരക്കടലിലെ ആവാസ വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കുന്നതിനാൽ ഈ പ്രദേശങ്ങളിൽ മത്സ്യലഭ്യത വൻതോതിൽ കുറഞ്ഞു വരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ പ്രദേശങ്ങളിൽ മത്സ്യലഭ്യത വർദ്ധിപ്പിക്കുവാൻ എന്തെങ്കിലും പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## <u>നൈപുണ്യ വികസന പരിശീലനം</u>

*230 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു**

**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**

**ശ്രീ . കെ .ഡി .പ്രസേനൻ**

**ശ്രീമതി ഒ എസ് അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുവാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്; വിശദമാക്കാമോ;

(ബി) സ്വകാര്യമേഖലയിലെ, വളർന്നുവരുന്ന തൊഴിൽ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് പട്ടിക വിഭാഗത്തിലെ അഭ്യസ്തവിദ്യരെ പ്രാപ്തരാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ നൈപുണ്യവികസന പരിശീലനത്തിലൂടെ എത്ര പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകിയിട്ടുണ്ട്; ഇതിന്റെ ഭാഗമായി എത്ര പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്; ഇതിൽ എത്ര പേർക്ക് വിദേശത്ത് ജോലി ലഭിച്ചിട്ടുണ്ട്; വിശദമാക്കാമോ?

## <u>മത്സ്യ വിത്തുൽപ്പാദന കേന്ദ്രങ്ങൾ</u>

*231 **ശ്രീ വി ജോയി**

**ശ്രീ. കെ. ജെ. മാക്സി**

**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ**

**ശ്രീ. എം.വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെ കാലയളവിൽ എത്ര മത്സ്യ വിത്തുൽപ്പാദന കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്; ഇതിലേക്കായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) ഏതൊക്കെ ജില്ലകളിലാണ് പുതിയ മത്സ്യ വിത്തുൽപ്പാദന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുള്ളതെന്നും ഇവയിൽ പ്രവർത്തനം ആരംഭിച്ചതും നിർമ്മാണം

പുരോഗമിക്കുന്നതും ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ മത്സ്യ വിത്തുൽപ്പാദനം കാര്യക്ഷമമായി വർദ്ധിപ്പിക്കാനായിട്ടുണ്ടോ; വ്യക്തമാക്കാമോ?

## ഭൂഗർഭ ജലനില തിരിച്ചുള്ള അപകടസാധ്യതാ മാപ്പിംഗ്

*232 **ശ്രീ. എ. രാജ**

**ശ്രീ. പി. മമ്മിക്കുട്ടി**

**ശ്രീമതി ശാന്തകുമാരി കെ.**

**ശ്രീ. ആന്റണി ജോൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഭൂഗർഭ ജലനില തിരിച്ചുള്ള അപകടസാധ്യതാ മാപ്പിംഗ് തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ ഏത് പ്രദേശങ്ങളിലാണ് പ്രത്യേക ഇടപെടൽ നടക്കുന്നത്; വ്യക്തമാക്കാമോ;

(സി) ഭൂഗർഭജലം സ്വകാര്യമായി അമിതമായി ഉപയോഗിക്കുന്നത് നിയന്ത്രിക്കുവാൻ നിയമപരമായോ, നയപരമായോ ആലോചിക്കുന്ന പരിഷ്കാരങ്ങൾ എന്തെല്ലാം; വ്യക്തമാക്കാമോ?

## വന സംരക്ഷണം ശക്തിപ്പെടുത്തൽ

*233 **ശ്രീ കെ യു ജനീഷ് കുമാർ**

**ശ്രീ. എം. എം. മണി**

**ശ്രീ ജി സ്റ്റീഫൻ**

**ശ്രീ. കെ.കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ ഡ്രോൺ നിരീക്ഷണം, ക്യാമറ ട്രാപ്പുകൾ എന്നിവ ഉപയോഗിച്ച് വനസംരക്ഷണം ശക്തിപ്പെടുത്തിയതിന്റെ നേട്ടങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) ഇക്കോ ടൂറിസം പദ്ധതികൾ വഴി പ്രാദേശിക ജനങ്ങൾക്ക് തൊഴിൽ സാധ്യത സൃഷ്ടിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) അനധികൃത മരം മുറിയും കടത്തും തടയുന്നതിനായി വനം വകുപ്പ് സ്വീകരിച്ച കർശന നടപടികൾ ഫലപ്രാപ്തിയിലെത്തിയോ; വിശദമാക്കാമോ?

## കാട്ടുപന്നി ആക്രമണം തടയാൻ നടപടി

*234 **ശ്രീ. സണ്ണി ജോസഫ്**

**ശ്രീ. സി. ആർ. മഹേഷ്**

**ശ്രീ. ആര്യാടൻ ഷൗക്കത്ത്**

**ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടുപന്നി ആക്രമണത്തിൽ ജനങ്ങൾ കൊല്ലപ്പെടുന്ന സംഭവങ്ങൾ ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) കാട്ടുപന്നിയുടെ ആക്രമണത്തിൽ പുനലൂർ ചാലിയക്കര ഉപ്പുകുഴി എസ്റ്റേറ്റിലെ തോട്ടം തൊഴിലാളി മരിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>**കുടിവെള്ള സ്രോതസ്സുകൾ**</u>

*235 **ഡോ. കെ. ടി. ജലീൽ**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. പി. ടി. എ. റഹീം**
**ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങളുടെ അടിസ്ഥാന ആവശ്യമായ കുടിവെള്ളം ഉറപ്പു വരുത്തുന്നതിനായും ജലജന്യ രോഗങ്ങൾ തടയുന്നതിനുമായും ജല പരിശോധനാ ലാബുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) കേരള വാട്ടർ അതോറിറ്റിയുടെ കണക്ഷൻ എടുക്കാതെ മറ്റ് സ്രോതസ്സുകൾ ആശ്രയിക്കുന്നവർ സുരക്ഷിതമായ കുടിവെള്ളമാണ് ഉപയോഗിക്കുന്നതെന്ന് ഉറപ്പു വരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) കേരള വാട്ടർ അതോറിറ്റിയെ ഒരു ജനസൗഹൃദ സ്ഥാപനമായി മാറ്റുന്നതിനായി സർക്കാർ 2021-2026 കാലയളവിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>**പട്ടികവർഗ്ഗ വിഭാഗത്തിന്റെ പഠന പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് സമഗ്ര കർമ്മപദ്ധതി**</u>

*236 **ശ്രീ വി ശശി**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിലെ സ്കൂൾ വിദ്യാർത്ഥികളുടെ പഠന പിന്നാക്കാവസ്ഥ ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സമഗ്ര കർമ്മപദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സാർവത്രിക എൻറോൾമെന്റ് ഉറപ്പാക്കുന്നതിനും അവരെ തുടർച്ചയായി സ്കൂളിൽ നിലനിർത്തുന്നതിനും വേണ്ടി എന്തെല്ലാം കർമ്മപദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദീകരിക്കുമോ;

(സി) പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിജയശതമാനം മെച്ചപ്പെടുത്തുന്നതിനും ഉന്നതവിദ്യാഭ്യാസം നേടുന്നവരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും വേണ്ടി സർക്കാർ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ഡി) ആദിവാസി മേഖലകളിലെ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; വിശദീകരിക്കുമോ?

**<u>ഉൾനാടൻ മത്സ്യകൃഷിയിലൂടെ ലക്ഷ്യമിടുന്ന ഉൽപ്പാദനം</u>**

*237 **ശ്രീമതി ദെലീമ**
**ശ്രീ. എം. എം. മണി**
**ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തണ്ണീർ തടങ്ങളിലും തരിശ് പാടങ്ങളിലും മത്സ്യകൃഷി പ്രാവർത്തികമാക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) 2026-27 സാമ്പത്തിക വർഷം കൂടുതലായി എത്ര ഹെക്ടറിലാണ് മത്സ്യകൃഷി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) വാണിജ്യ മൂല്യമേറിയ ഇനം മത്സ്യങ്ങളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) 2030 വർഷത്തോടെ ഉൾനാടൻ മത്സ്യകൃഷിയിലൂടെ ലക്ഷ്യമിടുന്ന ഉൽപ്പാദനം എത്രയെന്ന് വിശദമാക്കാമോ?

**<u>ആദിവാസി ക്ഷേമ ശാക്തീകരണ പദ്ധതി</u>**

*238 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീമതി ഉമ തോമസ്**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി ശാക്തീകരണത്തിനായി 1996-ൽ പാർലമെന്റ് പാസാക്കിയ 'പെസ' നിയമം സംസ്ഥാനത്ത് നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ആദിവാസി ക്ഷേമ ശാക്തീകരണ പദ്ധതികളിൽ വലിയ തോതിൽ ഫണ്ട് വിനിയോഗം നടക്കുന്നുണ്ടെങ്കിലും പദ്ധതികൾ ലക്ഷ്യപ്രാപ്തിയിൽ എത്താത്തതിന്റെ കാരണത്തെക്കുറിച്ച് സർക്കാർ പഠനം നടത്തി തിരുത്തൽ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) ആദിവാസി ഊരുകളുടെ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സമഗ്രമായ കർമ്മ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ; വ്യക്തമാക്കുമോ?

**<u>ആദിവാസി ഗോത്ര മേഖലയുടെ സമഗ്ര ശാക്തീകരണം</u>**

*239 **ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. പി.പി. സുമോദ്**

**ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2021, 2021-2026 കാലയളവിൽ ആദിവാസി ഗോത്ര വിഭാഗത്തിന് വ്യക്തിഗതാവകാശം വഴിയും സാമൂഹിക അവകാശം വഴിയും എത്ര ഏക്കർ ഭൂമി ലഭ്യമായിട്ടുണ്ട്; വിശദമാക്കാമോ;

(ബി) പ്രസ്തുത ഭൂമി ഉപയോഗപ്പെടുത്തി ഗോത്ര മേഖലയുടെ സമഗ്ര ശാക്തീകരണം സാധ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(സി) വനവും വനവിഭവങ്ങളും സംരക്ഷിച്ചുകൊണ്ടും അവ ഉപയോഗപ്പെടുത്തി മൂല്യവൽകൃത വിപണി ഉയർത്തിക്കൊണ്ടും ആദിവാസി ജനതയെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## ജലവിഭവം ശാശ്വതമായി ഉപയോഗിക്കുന്നതിനുള്ള പദ്ധതികൾ

*240 **ശ്രീ. പി.വി. ശ്രീനിജിൻ**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പ്രധാന ജലസംഭരണികളിൽ ജലനിരപ്പ് നിരീക്ഷിക്കുന്നതിനുള്ള സാങ്കേതിക സംവിധാനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) ഭാവിയിൽ ജലവിഭവത്തെ കൂടുതൽ ശാശ്വതമായി ഉപയോഗിക്കുന്നതിനുള്ള സർക്കാർ പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
2026 ഫെബ്രുവരി 16, തിങ്കൾ

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

പ്രത്യേക ശ്രദ്ധയ്ക്ക്:

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].